പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2717 14.02.2013 ൽ മറുപടിയ്ക്ക്

<u>മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടിന്റെ ടെണ്ടർ</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.പി.ജെ.ജോസഫ്<br>ബഹു.ജലവിഭവ വകുപ്പുമന്ത്രി |
| (എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കാൻ ടെണ്ടർ വിളിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (എ) | ഇല്ല. |
| (ബി) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ബി) | പുതിയ ഡാമിന്റെ വിശദമായ പദ്ധതി റിപ്പോർട്ടും(DPR) നിർമ്മാണത്തിനാവശ്യമായ സർവ്വേയും ഇൻവെസ്റ്റിഗേഷനും പൂർത്തിയാക്കി. പുതിയ ഡാമിന്റെ സാധ്യതാപഠനവും (feasibility report), വിശദമായ പദ്ധതി റിപ്പോർട്ടും തയ്യാറാക്കി കേന്ദ്ര സർക്കാരിനും ബഹു.സുപ്രീം കോടതിയുടെ ഉന്നതാധികാര സമിതിയ്ക്കും സമർപ്പിച്ചു. പുതിയ ഡാമിന്റെ അനുമതിയ്ക്കായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ അപേക്ഷ സമർപ്പിക്കുമ്പോൾ പരിസ്ഥിതി ആഘാതപഠനം ആവശ്യമാണ്. പ്രസ്തുത പഠനം നടത്തുന്നതിന് പ്രഗതി ലാബ് & കൺസൽട്ടന്റ്സ് ലിമിറ്റഡ്, സെക്കന്തരാബാദ് എന്ന സ്ഥാപനത്തിന് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ പരിസ്ഥിതി ആഘാത പഠനത്തിനു മുന്നോടിയായി കേന്ദ്രവനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. ഇതിനുള്ള അപേക്ഷ 03.01.2013-ൽ കൂടിയ സംസ്ഥാന വന്യജീവി |

| | | |
|---|---|---|
| | | ബോർഡ് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സംസ്ഥാന വന്യജീവി ബോർഡിന്റെ ശുപാർശയോടു കൂടി പ്രസ്തുത അപേക്ഷ കേന്ദ്ര വന്യജീവി ബോർഡിന്റെ അംഗീകാരത്തിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിച്ച് അനുമതി വാങ്ങാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പുതിയ ഡാമിന്റെ മാതൃകാ പഠനം, ഡൈനമിക് അനാലിസിസ് എന്നിവ നടത്തുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. |
| (സി) പുതിയ ഡാമിന്റെ പ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ? | (സി) | മേൽപ്പറഞ്ഞ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്കും ബഹു.സുപ്രീം കോടതിയുടെ വിധി വന്നതിനുശേഷവും മാത്രമേ പുതിയ ഡാമിന്റെ നിർമ്മാണ ജോലികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**